ന്യായവില നിജപ്പെടുത്തിയിട്ടുള്ളത്. ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിലാണ് സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കുന്നത്.

(ബി) ന്യായവില വിജ്ഞാപനത്തെക്കുറിച്ചുള്ള ആക്ഷേപം കേൾക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർമാരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്.

ധനനിശ്ചയാധാരത്തെ മുദ്രവിലയിൽ നിന്നൊഴിവാക്കുന്നതിന് നടപടി

192 (6110) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാനമായി നൽകുന്ന ഭൂമി ക്രയവിക്രയത്തിലൂടെ അല്ല എന്നിരിക്കെ അതിനെ ഫെയർ വാല്യൂവിൽ നിന്നൊഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നല്കുമോ;

(ബി) അല്ലെങ്കിൽ ധനനിശ്ചയാധാര (Settlement Deed)-ത്തെ മുദ്രവിലയിൽ നിന്നൊഴിവാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) അല്ലെങ്കിൽ ധനനിശ്ചയാധാരത്തിന് മുദ്രവിലയായി ഒരു നിശ്ചിത തുക ഈടാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

ഉത്തരം

(എ & ബി) ഇക്കാര്യത്തെ സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(സി) കുടുംബാംഗങ്ങൾ തമ്മിലുള്ള ധനനിശ്ചയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി അഞ്ച് ശതമാനത്തിൽ നിന്നും ഗണ്യമായ കുറവ് വരുത്തിക്കൊണ്ട് രണ്ട് ശതമാനമായി നിശ്ചയിച്ചിട്ടുണ്ട്. അതുപോലെ കുടുംബാംഗത്തിന് ദാനം കൊടുക്കുന്ന ആധാരത്തിന്റെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് കോർപ്പറേഷൻ പ്രദേശത്ത് ഒൻപതും, മുൻസിപ്പാലിറ്റി പ്രദേശത്ത് എട്ടും, പഞ്ചായത്ത് പ്രദേശത്ത് ഏഴും ശതമാനമായിരുന്നു. അത് രണ്ട് ശതമാനമായിക്കുറച്ച് ആശ്വാസനടപടി സ്വീകരിച്ചിട്ടുണ്ട്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഒഴിമുറി ആധാരങ്ങളുടെ (release deed) സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് അഞ്ച് ശതമാനത്തിൽ നിന്നും ഒരു ശതമാനമായി കുറച്ചിട്ടുണ്ട്.

മുദ്രവിലയും ഫീസും ഒഴിവാക്കുന്ന നടപടി

193 (6111) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാർക്ക് ഭാഗപത്രം രജിസ്റ്റർ ചെയ്യുമ്പോൾ മുദ്രവിലയും ഫീസും ഒഴിവാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആനുകൂല്യം സംസ്ഥാനത്ത് വളരെ പരിമിതമായ

LIBRARY ARCHIVES Kerala Legislative Assembly